# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 256** **23.01.2018 -ൽ മറുപടിക്ക്**

## ആലഞ്ചേരി മുസ്ലീം പള്ളിക്ക് സർക്കാർ ഭൂമി അനുവദിക്കുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ: | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | പുനലൂർ പേപ്പർ മിൽസിനു സമീപമുള്ള ആലഞ്ചേരി മുസ്ലീം ജമാ അത്ത് പള്ളിയിൽ മയ്യം അടക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ, പേപ്പർ മില്ലിന്റെ കൈവശമുള്ള സർക്കാർ ഭൂമി ഇക്കാര്യത്തിനായി അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | ടി വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ നിലവിൽ തുടർ നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല. |
| (ബി) | ഇതു സംബന്ധിച്ച ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. |
| (സി) | സ്ഥലത്തെ സംഘർഷസാധ്യത കണക്കിലെടുത്ത് ബന്ധപ്പെട്ട കക്ഷികളുമായി ചർച്ച നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഉണ്ട്. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ടി രണ്ട് കക്ഷികളെയും വിളിച്ച് സമവായത്തിലൂടെ പ്രശ്നപരിഹാരത്തിന് പുനലൂർ തഹസിൽദാരെ ചുമതലപ്പെടുത്തിയതിൽ പുനലൂർ തഹസീൽദാർ ടി രണ്ട് കക്ഷികളുമായി ചർച്ച നടത്തിയിട്ടുള്ളതുമാണ്. വിഷയത്തിൽ കോടതി കേസ് നില നിൽക്കുന്നതിനാൽ ബഹു. കോടതി ഉത്തരവ് ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ തുടർ നടപടി സാധ്യമാവുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**